**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1687** **08-10-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രമാക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശാലകളുടെ ദേശീയ റേറ്റിംഗിൽ കേരളത്തിലെ സർവകലാശാലകൾ ആശാവഹമായ പുരോഗതി നേടിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആഗോള, ദേശീയ റേറ്റിംഗിൽ അവയ്ക്ക് ഉയർന്നസ്ഥാനം കൈവരിക്കാനാകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ആഗോള സർവ്വകലാശാല റേറ്റിംഗിൽ സ്ഥാനം പിടിക്കുവാൻ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തന ങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ കർമ്മപദ്ധതികൾ സർക്കാർ - സർവ്വകലാശാലാ തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 1. 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പരിപാടികൾ എ. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ, ബി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അധ്യാപകരുടെ നിയമനം, സി. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിൻറെ കേന്ദ്രങ്ങൾ, ഡി. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ, ഇ. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം, എഫ്. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. 2. ആധുനിക ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിലുള്ള യു.ജി/പി.ജി ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള തീരുമാനം. 3. ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ റിസർച്ച് ഡയറക്ടറേറ്റ് രൂപീകരണം. 4. 500 സി.എം. പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. 5. വിദേശത്ത് നിന്നും നോബൽ ജേതാക്കൾ ഉൾപ്പെടെയുള്ള വിദഗ്ധരെ സംസ്ഥാനത്തെ സർവ്വകലാശാല കളിൽ എത്തിക്കാനുള്ള സ്കോളർ-ഇൻ-റസിഡൻസ് പ്രോഗ്രാം. 6. ഔട്ട്കം ബേയ്സിഡ് എഡ്യൂക്കേഷൻ (OBE) സമ്പ്രദായത്തിൽ കരിക്കുലത്തിന്റെ പുന:സംഘാടനം. 7. വിദേശ സർവ്വകലാശാലകളു മായുള്ള അക്കാദമിക സഹകരണത്തി നുള്ള |

| | | | |
|---|---|---|---|
| | | | എം.ഒ.യു. 8. സംസ്ഥാനതലത്തിലുള്ള സ്ഥാപനങ്ങളെ അക്രഡിറ്റേഷന് സഹായിക്കുന്ന സ്റ്റേറ്റ് ലെവൽ അസസ്സ്മെൻറ് ആൻറ് അക്രഡിറ്റേഷൻ സെൻറർ (SAAC). 9. സർവ്വകലാശാലകളുടെ അക്കാദമിക, പരീക്ഷാ പ്രവർത്തനങ്ങൾക്കായി നടക്കുന്ന ആധുനികവൽക്കരണവും കമ്പ്യൂട്ടർ വൽക്കരണവും. 10. അക്കാദമിക് കലണ്ടറും എക്സാമിനേഷൻ കലണ്ടറും അനുസരിച്ചുള്ള സർവ്വകലാശാല കളുടെ ചിട്ടയായതും സമയ ബന്ധിതവുമായ പ്രവർത്തനങ്ങൾ. 11. കിഫ്ബിയിൽ നിന്നും മറ്റു ഫണ്ടിംഗ് ഏജൻസികളിൽ നിന്നുമുള്ള പശ്ചാത്തല വികസന പദ്ധതികൾ. |
| (ബി) | കേരളത്തിലെ സർവകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിയും നവീന കോഴ്സുകൾ ഉൾപ്പെടുത്തിയും വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്ന താണെന്ന് നടപ്പുവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ ഡിപ്പാർട്ട്മെന്റുകൾ / സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് അവയെ പുതിയ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്താവുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | കോഴ്സുകളും ഗവേഷണങ്ങളും നമ്മുടെ നാടിന്റെ വികസനത്തിന് കൂടി ഉപകരിക്കുന്നവിധത്തിൽ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കോഴ്സുകളും ഗവേഷണങ്ങളും നാടിന്റെ വികസനത്തിന് കൂടി ഉപകരിക്കുന്ന വിധത്തിൽ തയ്യാറാക്കുന്നതിന് കേരള സർവകലാശാല നടപടികൾ സ്വീകരിച്ചുവരുന്നു. ഗവേഷണ പ്രവർത്തനങ്ങളെ ഉത്പാദന മേഖലയിൽ എത്തിക്കുന്നതിനുള്ള സഹായം ചെയ്യുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല Business Innovation and Incubation Centre സ്ഥാപിച്ചിട്ടുണ്ട്. ടി സെന്ററിന്റെ കീഴിൽ വിവിധ സ്റ്റാർട്ടപ്പുകൾ തുടങ്ങുകയും പേറ്റന്റുകൾക്കായി അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ പേറ്റന്റ് നിലവിലുണ്ട്. അതുവഴി ഗവേഷണ ഫലങ്ങൾ സമൂഹത്തി ലെത്തിക്കാൻ സർവകലാശാല നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഹയർ സെക്കണ്ടറി കഴിഞ്ഞ വിദ്യാർത്ഥികൾക്ക് വിവിധ ആർട്സ് & സയൻസ് കോളേജുകളിൽ ഉപരിപഠനത്തിന് ആവശ്യമായ സീറ്റുകളുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (ഡി) | 05.08.2021 ലെ സ.ഉ(സാധാ) 1011/21/ഉ.വി.വ ഉത്തരവ് പ്രകാരം ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഡിഗ്രിക്ക് പരമാവധി 70 സീറ്റും പി.ജി ക്ക സയൻസിനു 25 സീറ്റ്, ആർട്സ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ 30 സീറ്റും എന്ന നിലയിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ആവശ്യമായ |

| | | | |
|---|---|---|---|
| | | | പഠന സൗകര്യമുള്ള കോളേജുകളിൽ സീറ്റ് വർദ്ധന വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ വകുപ്പിൽ നിന്നും കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ കോഴ്സുകൾ സർക്കാർ പരിഗണിച്ചുവരുന്നു. |
| (ഇ) | മലബാറിലെ വിവിധ ജില്ലകളിൽ പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | 05.08.2021 ലെ സ.ഉ(സാധാ) 1011/21/ഉ.വി.വ ഉത്തരവ് പ്രകാരം ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഡിഗ്രിക്ക് പരമാവധി 70 സീറ്റും പി.ജി ക്കു സയൻസിനു 25 സീറ്റ്, ആർട്സ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ 30 സീറ്റും എന്ന നിലയിൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ആവശ്യമായ പഠന സൗകര്യമുള്ള കോളേജുകളിൽ സീറ്റ് വർദ്ധന വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ വകുപ്പിൽ നിന്നും കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ കോഴ്സുകൾ സർക്കാർ പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ